<u>പതിനാലാം കേരള നിയമസഭ</u>

<u>പതിമൂന്നാം സമ്മേളനം</u>

30.11.2018-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ:1019

## <u>അരുവിക്കരയിലെ കുടിവെള്ള നിർമ്മാണ യൂണിറ്റ്</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജെയിംസ് മാത്യു | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | അരുവിക്കരയിലെ കുപ്പിവെള്ള നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; | (എ) | കുപ്പിവെള്ള പ്ലാന്റിന് ആവശ്യമുള്ള കെട്ടിടങ്ങൾ ഇലക്ട്രിക്ക് ഉപകരണങ്ങൾ, കുപ്പിവെള്ളം ഉത്പാദിപ്പിക്കുന്നതിനുള്ള വിവിധ യന്ത്ര സാമഗ്രികൾ എന്നിവയുടെ പണികൾ പൂർത്തീകരിച്ച് ജനറേറ്ററിന്റെ സഹായത്തോടുകൂടി 12/04/2018 ന് പരീക്ഷണ അടിസ്ഥാനത്തിൽ പ്ലാന്റ് പ്രവർത്തിപ്പിച്ചു . |
| (ബി) | പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയെന്നും നാളിതുവരെയുള്ള പദ്ധതി ചെലവ് എത്രയെന്നും വ്യക്തമാക്കാമോ; | (ബി) | ഭരണാനുമതി നൽകിയ തുക-16 കോടി നാളിതു വരെ പദ്ധതി ചെലവ് -13 .40 കോടി. |
| (സി) | ഈ പദ്ധതിയുടെ ഉദ്ഘാടനത്തിന് എന്തെല്ലാം തടസ്സങ്ങളാണ് ഉള്ളതെന്നും ഏതൊക്കെ ഡിപ്പാർട്ട്മെന്റുകളുടെ അനുമതിയാണ് ഇനി ആവശ്യമുള്ളതെന്നും പദ്ധതി എന്ന് ഉദ്ഘാടനം ചെയ്യുമെന്നും അറിയിക്കുമോ; | (സി) | ഈ പദ്ധതിക്ക് നിലവിൽ യാതൊരു തടസങ്ങളുമില്ല . ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് , അളവു തൂക്ക വകുപ്പ്, ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ് (ബിഐഎസ്), ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ (എഫ്.എസ്സ്.എസ്സ്.എ.ഐ) എന്നീ സ്ഥാപനങ്ങളിൽ |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | നിന്നുള്ള അനുമതിയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും വൈദ്യുതി കണക്ഷനും ലഭിക്കുന്ന മുറയ്ക്ക് ഫെബ്രുവരി 2019 ഓടു കൂടി പദ്ധതി ഉദ്ഘാടനം ചെയ്ത് വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു . |
| (ഡി) | ഈ പദ്ധതിയുടെ ഭാവി പ്രവർത്തനങ്ങൾക്കും വിപണനത്തിനും എന്തൊക്കെ സംവിധാനങ്ങളാണ് സർക്കാർ ഒരുക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | പദ്ധതിയുടെ ഭാവി പ്രവർത്തനങ്ങളും സംബന്ധിച്ച വിപണന സംവിധാനങ്ങളെക്കുറിച്ചും ഉള്ള നിർദ്ദേശം സമർപ്പിക്കാൻ ജല അതോറിറ്റിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**